പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6217 07.11.2016 ൽ മറുപടിയ്ക്ക്

# ഗ്രാമപഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കും ഉപയോഗപ്പെടുത്താവുന്ന കേന്ദ്രസർക്കാരിന്റെ പദ്ധതികൾ

| ചോദ്യം<br>ശ്രീ.പി.കെ അബ്ദു റബ്ബ് | | മറുപടി<br>തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | ഗ്രാമപഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കും ഉപയോഗപ്പെടുത്താവുന്ന കേന്ദ്രസർക്കാരിന്റെ പദ്ധതികൾ ഏതെല്ലാമാണെന്നും അതിന്റെ വിശദാംശങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കാമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കേന്ദ്ര സർക്കാരിന്റെ പദ്ധതികൾ ഉപയോഗപ്പെടുത്തുന്നതിന് പ്രോജക്ടുകളും പ്രൊപ്പോസലുകളും തയ്യാറാക്കികൊടുക്കുന്ന സർക്കാർ ഏജൻസികൾ നിലവിലുണ്ടോ, വിശദവിവരം നൽകാമോ? | (ബി) | അത്തരം ഏജൻസികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1) Kerala State Land Use Board (Watershed related projects)<br>2) Kerala State Remote Sensing and Environment Centre<br>3) Centre for Water Resources Development & Management (CWRDM) |

Nisam

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | പദ്ധതിയുടെ പേര് | നിർവ്വഹണ ഏജൻസി | മറ്റ് വിശദാംശങ്ങൾ |
|---|---|---|---|
| 1. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) | MGNREGS സ്റ്റേറ്റ് മിഷൻ | 2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമീണ മേഖലയിൽ അവിദഗ്ദ്ധ കായികാദ്ധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം പരമാവധി 100 ദിവസത്തെ തൊഴിൽ ആവശ്യാധിഷ്ഠിതമായി നൽകുന്നതിന് ലക്ഷ്യമിടുന്നു. |
| 2. | ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം (DAY-NRLM) | കുടുംബശ്രീ | കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ പദ്ധതിയാണിത്. എൻ.ആർ.എൽ.എം. പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ മൈക്രോ ഫിനാൻസിംഗ്, മാർക്കറ്റിംഗ്, ജെൻഡർ വികസന പ്രവർത്തനങ്ങൾ, സംഘടനാ പ്രവർത്തനങ്ങൾ, സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (എസ്.വി.ഇ.പി), കാർഷിക പ്രവർത്തനങ്ങൾ, മൃഗസംരക്ഷണം, പട്ടികവർഗ്ഗ മേഖലാ വികസനം, സൂക്ഷ്മ സംരംഭം (മൈക്രോ എന്റർപ്രൈസസ്) എന്നിവയാണ്. |
| 3. | ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശൽ യോജന (DDU-GKY) | കുടുംബശ്രീ | DDU-GKY പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയും, അഭിരുചിയും ഉതകുന്ന പരിശീലനം നൽകി അവർക്ക് അർഹമായ തൊഴിൽ ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു. |
| 4. | ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ നഗര ഉപജീവന ദൗത്യം (DAY-NULM) | കുടുംബശ്രീ | നഗരപ്രദേശങ്ങളിലെ ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ദാരിദ്ര്യ |

| | | | |
|---|---|---|---|
| | | | ലഘൂകരണത്തിനും വേണ്ടി കേന്ദ്ര പാർപ്പിട-നഗരകാര്യ മന്ത്രാലയം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് NULM. ടി പദ്ധതിയ്ക്ക് കീഴിൽ സാമൂഹ്യ സംഘാടനവും സ്ഥാപന വികസനവും, പരിശീലനത്തിലൂടെ തൊഴിൽ ലഭ്യമാക്കൽ, സ്വയം തൊഴിൽ പദ്ധതി, ഭവനരഹിതർക്കുള്ള പാർപ്പിട പദ്ധതി, തെരുവ് കച്ചവടക്കാർക്കുള്ള ധനസഹായം, കപ്പാസിറ്റി ബിൽഡിംഗ് & ട്രെയിനിംഗ് എന്നിവ നടത്തിവരുന്നു. |
| 5. | പ്രധാനമന്ത്രി ആവാസ് ജോയന (നഗരം) – PMAY (U) | കുടുംബശ്രീ | "എല്ലാവർക്കും ഭവനം" എന്ന ലക്ഷ്യത്തോട കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സംയുക്താഭിമുഖ്യത്തിൽ നഗരപ്രദേശത്ത് നടപ്പാക്കി വരുന്ന പദ്ധതിയാണ് PMAY (URBAN).<br>മാനദണ്ഡങ്ങൾ<br>1. നഗരപ്രദേശത്ത് സ്ഥിരമായി 3 വർഷക്കാലമായി കുടുംബമായി താമസിക്കുന്നവർ<br>2. വാർഷിക കുടുംബവരുമാനം 3 ലക്ഷത്തിന് താഴെയുള്ളവർ<br>3. ഭാരതത്തിൽ ഒരിടത്തും സ്വന്തമായി ഭവനമില്ലാത്തവർ |
| 6. | പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതി – PMAY (G) | ഗ്രാമവികസന വകുപ്പ് (CRD) | എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തോടെ PMAY (G) എന്ന പദ്ധതി കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ സഹായത്തോടെ സംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് ആയ 1,20,000/- രൂപ 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ |

| | | | |
|---|---|---|---|
| | | | വകയിരുത്തുന്നു. |
| 7. | നാഷണൽ റർബൻ മിഷൻ | ഗ്രാമവികസന വകുപ്പ് (CRD) | 25000 മുതൽ 50000 വരെ ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്ത്/ ഗ്രാമപഞ്ചായത്തുകളെ ഒരു വികസന ക്ലസ്റ്ററായി വിജ്ഞാപനം ചെയ്ത് ടി ക്ലസ്റ്ററിന്റെ സാമ്പത്തിക ഉന്നമനത്തിനും, നൈപുണ്യ വികസനത്തിനും, സംരംഭകത്വ വികസനത്തിനും, പശ്ചാത്തല വികസനത്തിനും ഊന്നൽ നൽകുന്ന പ്രോജക്ടുകൾക്ക് മുൻതൂക്കം നൽകി കൊണ്ട് സ്മാർട്ട് വില്ലേജ് ആക്കുകയാണ് പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. |
| 8. | പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (PMGSY) | കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി (KSRRDA) | ഗ്രാമീണ മേഖലയിലെ റോഡ് ബന്ധമില്ലാത്ത ആവാസ കേന്ദ്രങ്ങളെ പ്രധാന റോഡുമായോ ആവാസ കേന്ദ്രങ്ങളുമായോ വ്യാപാരകേന്ദ്രങ്ങളുമായോ എല്ലാ കാലാവസ്ഥയിലും അനുയോജ്യമായ റോഡ് മാർഗ്ഗം ബന്ധിപ്പിക്കുവാനായി പി.എം.ജി.എസ്.വൈ. |
| 9. | സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) SBM–G | ശുചിത്വ മിഷൻ | സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമാക്കി 2014 ഒക്ടോബർ 2 ന് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി ആരംഭിച്ചു.<br>ഘടകങ്ങൾ<br>1. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ<br>2. ശേഷീവികസനം<br>3. ഗാർഹിക കക്കൂസുകൾ<br>4. റൂറൽ സാനിട്ടറി മാർട്ട് ആന്റ് പ്രൊഡക്ഷൻ സെന്റർ<br>5. റിവോൾവിംഗ് ഫണ്ട്<br>6. കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ്<br>7. ഖര-ദ്രവ മാലിന്യ പരിപാലനം<br>സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്കും വാർദ്ധക്യ പെൻഷൻ വാങ്ങുന്നവർ, അംഗപരിമിതർ, ഗർഭിണികൾ, |

| | | | |
|---|---|---|---|
| | | | മുലയൂട്ടുന്ന അമ്മമാർ, പെൺകുട്ടികൾ എന്നിവർക്കും വ്യക്തിഗത ശൗചാലയങ്ങൾക്ക് അർഹതയുണ്ട്. കൂടാതെ മറ്റ് ഖര-ദ്രവ പദ്ധതികൾ ഗ്രാമത്തിലെ ആവശ്യകതയനുസരിച്ച് കമ്മ്യൂണിറ്റിതലത്തിൽ നടപ്പാക്കാവുന്നതാണ്. |
| 10. | സ്വച്ഛ് ഭാരത് മിഷൻ (നഗരം) SBM-U | ശുചിത്വ മിഷൻ | ഭാരതത്തിലെ നഗരപ്രദേശങ്ങൾ പൂർണ്ണമായും ശുചിത്വം കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 2014 ഒക്ടോബർ 2 മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്.<br>സ്വച്ഛ് ഭാരത് മിഷൻ (നഗരം) എസ്.ബി.എം , (യു) പദ്ധതിയിൽ താഴെപറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കണം<br>1. വ്യക്തിഗത ഗാർഹിക ശൗചാലയം<br>2. സാമൂഹ്യ ശൗചാലയം<br>3. പൊതു ശൗചാലയം<br>4. മൂത്രപ്പുര<br>5. ഖരമാലിന്യ പരിപാലനം<br>6. ദ്രവമാലിന്യ പരിപാലനം<br>7. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ<br>8. കാര്യശേഷി വികസനം |
| 11. | അമൃത് - Atal Mission for Rejuvenation and Urban Transformation (AMRUT) | സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ്, അമൃത് | കേരളത്തിലെ ആറ് കോർപ്പറേഷനുകളും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ മുനിസിപ്പാലിറ്റികളിലും നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് അമൃത്. എല്ലാ വീടുകളിലും ശുദ്ധജലവിതരണത്തിനായുള്ള പൈപ്പ് കണക്ഷൻ എത്തിക്കുക എന്നതാണ് പദ്ധതിയുടെ പ്രഥമലക്ഷ്യം. ദ്രവമാലിന്യ സംസ്കരണം, പാർക്കുകളുടെ വികസനം, നോൺ മോട്ടോറൈസ്ഡ് ഗതാഗത സംവിധാനങ്ങൾക്കുള്ള സൗകര്യങ്ങൾ ഒരുക്കുക എന്നിവയും പദ്ധതി |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിടുന്നു. കേന്ദ്രവിഹിതം 50% സംസ്ഥാനവിഹിതം 30% തദ്ദേശ സ്ഥാപനവിഹിതം 20% എന്ന അനുപാതത്തിലാണ് പദ്ധതിയുടെ ധനവിനിയോഗം. |

സെക്ഷൻ ഓഫീസർ